വൈദ്യുതി ഉപഭോക്താക്കളിൽനിന്നും ഈടാക്കുന്ന ചാർജ്ജ്

606 [824] ശ്രീ. പി. എം. അബൂബക്കർ :
,, പി. കെ. കുഞ്ഞാലിക്കുട്ടി :
,, നാലകത്ത് സൂപ്പി :
,, കൊരമ്പയിൽ അഹമ്മദ് ഹാജി :
,, പി. സീതിഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിതരണ ചെലവ് ഉൾപ്പെടെ സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്ന ഒരു യൂണിറ്റ് വൈദ്യുതിയുടെ ഉൽപ്പാദന ചെലവ് എത്ര ;

(ബി) വിതരണ ചെലവ് ഉൾപ്പെടെ സംസ്ഥാനത്തിനു പുറത്തു നിന്നും വാങ്ങുന്ന ഒരു യൂണിറ്റ് വൈദ്യുതിയുടെ വില എത്ര ;

(സി) സംസ്ഥാനത്തിന് പുറത്തുനിന്നും വാങ്ങുന്ന ഓരോ യൂണിറ്റ് വൈദ്യുതിക്കും ഉപഭോക്താക്കളിൽനിന്നും ബോർഡ് ഈടാക്കുന്ന തുക എത്ര ?

ഉത്തരം

(എ) ഇ. എച്ച്. റ്റി. 10.74 രൂപ.
എച്ച്. റ്റി. 19.95 ,,
എൽ. റ്റി. 60.42 ,,

(ബി) കർണ്ണാടകത്തിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് 80 പൈസയും തമിഴ് നാട്ടിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് 65 പൈസയുമാണ്. കേന്ദ്രവിഹിതമായി രാമഗുണ്ടത്തുനിന്നും കിട്ടുന്ന വൈദ്യുതിക്ക് യൂണിറ്റൊന്നിന് 43 പൈസ, കൽപ്പകം, നെയ്വേലി വൈദ്യുതിക്ക് ആവശ്യപ്പെട്ടിരിക്കുന്നത് യഥാക്രമം 47.32 പൈസ, 62.61 പൈസ എന്നീ നിരക്കിലാണ്. ഇതെല്ലാം നികുതികൾ ഒഴികെ അതാതു സംസ്ഥാനത്തെ സപ്ലൈ പോയിൻറിൽ രേഖപ്പെടുത്തുന്ന യൂണിറ്റനുസരിച്ചാണ്. ഇതോടൊപ്പം ലൈനിൽ ഓരോ സംസ്ഥാനത്തുമുണ്ടാകുന്ന നഷ്ടവും കൂടി ചേർത്താൽ മാത്രമേ യഥാർത്ഥ വില നിശ്ചയിക്കാൻ കഴിയൂ.

(സി) യൂണിറ്റൊന്നിന് 84 പൈസ വിലയും 6 പൈസ ഡ്യൂട്ടിയും ചേർത്ത് 90 പൈസ.

പീരുമേട് മേജർ ഡിവിഷന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യമായ മെറ്റീരിയൽസ്

607 [825] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ആർ. ഇ. സി. സ്കീമിൽപ്പെട്ട പീരുമേട് മേജർ ഡിവിഷന്റെ പ്രവർത്തനങ്ങൾക്ക് ആവശ്യത്തിന് മെറ്റീരിയൽസ് എത്തിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ ?

ഉത്തരം

പീരുമേട്ടിൽ മേജർ സെക്ഷനാണുള്ളത്. അവിടെ മെറ്റീരിയൽസ് എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കാം.

LIBRARY ARCHIVES Kerala Legislative Assembly